# നിറങ്ങൾ നിഴലുകൾ



**മിണ്ടാതീവന വിജനതയിങ്കൽ**
**രണ്ടാൾ നാമീക്കല്‌പടവിൽ**

**ഒരു മഴവില്ലിലലിഞ്ഞു ലയിച്ചൊരു**
**നിറമായ്‌ നിഴലായ്‌ത്തീരുന്നു.**

**ദൂരെത്തെങ്ങോ പിന്നിട്ടൊരു വഴി–**
**യമ്പലവെട്ടം മറയുന്നു.**

**നിൻ ചുടുനെറ്റിയിലെൻവിരലൊരു കുളി–**
**രഞ്ജനമായിത്തീരുന്നു.**

**വിളറിയ നിൻ കവിളത്തെൻ കണ്ണീർ**
**ത്തുള്ളികൾ മുത്തായ്‌ മാറുന്നു.**

**എൻമനമറിയും വേദന നിൻ കൺ–**
**മിഴിയിണയിങ്കൽ തെളിയുന്നു.**

**നിൻ മനമറിയും മധുരാഹ്ലാദം**
**എന്നകതാരിൽ നിറയുന്നു.**

**മിണ്ടാതീവന വിജനതയിങ്കൽ**
**രണ്ടാൾ നാമീക്കല്‌പടവിൽ**

**ഒരു മഴവില്ലിലലിഞ്ഞു ലയിച്ചൊരു**
**നിറമായ്‌ നിഴലായ്‌ത്തീരുന്നു.** ■

The English translation of this poem , Hues and Shadows, was published in *Jewels of the Imagination*, an anthology of poetry published by the International Library of Poetry, USA.